പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6004 02-04-2018-ൽ മറുപടിക്ക്**

**മൊത്തവില്പനക്കാർ നടത്തുന്ന അനധികൃത ചില്ലറ വ്യാപാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മൊത്തവില്പനക്കാർ അനധികൃതമായി ചില്ലറ വ്യാപാരം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | വാറ്റ് നിയമത്തിലെയോ ജി.എസ്.ടി. നിയമത്തിലെയോ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ മൊത്ത വിതരണക്കാരായ രജിസ്റ്റേഡ് വ്യാപാരികൾ ചില്ലറവില്പന നടത്തുന്നതിന് നിയമപരമായ തടസ്സങ്ങൾ ഒന്നും ഇല്ല. നികുതി ഈടാക്കി കൊണ്ടാണ് അത്തരം വ്യാപാരം നടത്തുന്നതെങ്കിൽ അനധികൃത മാണെന്ന് പറയാൻ കഴിയില്ല. |
| (ബി) | ഇത്തരത്തിൽ മൊത്ത വ്യാപാരികൾ ചില്ലറ വ്യാപാരം ചെയ്യുമ്പോൾ നികുതി വെട്ടിപ്പ് നടത്തുമെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ; | (ബി) | വ്യാപാരികൾ നികുതി വെട്ടിപ്പ് നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ കാര്യക്ഷമമായ സംവിധാന ങ്ങളുണ്ട്. സംശയമുള്ള കേസുകളിൽ കട പരിശോധന നടത്തി ക്രമക്കേട് കണ്ടെത്തിയാൽ പിഴ ഉടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇപ്രകാരം മൊത്ത വ്യാപാരികൾ ചില്ലറ വ്യാപാരം നടത്തിയ എത്ര കേസുകൾ | (സി) | മൊത്ത വ്യാപാരികൾ ചില്ലറ വില്പന നടത്തുന്നതിന് |

| | | | |
|---|---|---|---|
| | ധനകാര്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ടെന്നും കണ്ടെത്തിയ സ്ഥാപനങ്ങളുടെ വിശദമായ വിവരങ്ങളും ലഭ്യമാക്കുമോ? | | നിയമപരമായ തടസ്സങ്ങൾ ഒന്നുമില്ല.അതിനാൽ കേസുകളൊന്നും കണ്ടെത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**